(ബി) അപേക്ഷകർക്ക് പെൻഷൻ കൊടുക്കാൻ കാലതാമസമുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കാലതാമസമുണ്ടാകാൻ കാരണമെന്ത്;

(ഡി) നിലവിലുള്ള പെൻഷൻ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഗവൺമെന്റ് രൂപീകരിച്ച പെൻഷൻ കമ്മിറ്റി താമസം വിനാ കൂടി തീരുമാനമെടുക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) പുതിയ അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടുന്നത് അപേക്ഷകരുടെ സപ്പോർട്ടിംഗ് പ്രാവീണ്യത്തിലുള്ള സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാനുള്ളതുകൊണ്ടാണ്.

(ഡി) തൽക്കാലം ഉദ്ദേശമില്ല.

കെ. എഫ്. ഡി. സി. യിൽ നിയമിതരായ ശ്രീലങ്കൻ അഭയാർത്ഥികൾ

635 [204] ഡോക്ടർ എ. സുബ്ബറാവു:
ശ്രീ. കെ. പി. പ്രഭാകരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കാനം രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ശ്രീലങ്കയിൽ നിന്നുള്ള അഭയാർത്ഥികൾക്ക് കെ. എഫ്. ഡി. സി. യിൽ ജോലി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർക്ക് ഏവിടെയെല്ലാമാണ് ജോലി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാൻ ഈ തോട്ടത്തിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളുടെ കോൺഫറൻസ് വിളിച്ചുകൂട്ടിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) പച്ചക്കാണം ഏലത്തോട്ടത്തിൽ 201 പേർക്കും നെടുമാറ ഏലത്തോട്ടത്തിൽ 27 പേർക്കും മാനന്തവാടി, കമ്പമല തേയിലത്തോട്ടത്തിൽ 74 പേർക്കും സ്ഥിരമായി ജോലി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സി. യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly